**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5665** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിലെ കുടിശികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റേഷൻ അരി വിതരണ കരാറുകാർക്ക് എത്ര രൂപയുടെ കുടിശ്ശികയാണ് നാളിതുവരെ നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ; കരാറുകാർക്ക് യഥാസമയം തുക അനുവദിക്കാത്തത് റേഷൻ കടകൾ വഴിയുള്ള അരി വിതരണത്തെ പ്രതിസന്ധിയിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2024 ഡിസംബർ മാസം വരെ റേഷൻ അരി വിതരണ കരാറുകാർക്ക് കൈകാര്യ ചെലവ് ഇനത്തിൽ നൽകാനുള്ള മുഴുവൻ തുകയും നൽകിയിട്ടുണ്ട് . 2025 ജനുവരി /ഫെബ്രുവരി മാസങ്ങളിലെ ഗതാഗത കൈകാര്യ ചെലവുകളുടെ കണക്കുകൾ അതാത് ഡിപ്പോകളിൽ നിന്നും ശേഖരിച്ച് വരുന്നു.മാർച്ച് മാസത്തെ അലോട്ട്മെന്റ് പ്രകാരമുള്ള വിട്ടെടുപ്പ് /വിതരണം പൂർത്തിയായി വരുന്നു. കൂടാതെ 2024 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള ഗതാഗത കൈകാര്യ ചെലവുകളിൽ ഓഡിറ്റ് പൂർത്തിയാക്കിയതിന് ശേഷം നൽകുവാനുള്ള (10%) തുക 14.38 കോടിയാണ്. കരാറുകാർക്ക് യഥാസമയം തുക അനുവദിക്കാത്തതിനാൽ അവർ സഹകരിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതുവരെ റേഷൻ വിതരണത്തെ ബാധിക്കാതെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>സപ്ലൈകോയ്ക്ക് വിവിധ ഇനങ്ങളിൽ കുടിശ്ശികയായി നൽകാനുള്ള തുക സംബന്ധിച്ച വിശദാംശം **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിനെ ഏതെല്ലാം വിധത്തിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വകുപ്പ് നിലവിൽ കൊടുത്തു തീർക്കുവാനുള്ള കുടിശികകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; കുടിശിക തുക സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | 2024 ഡിസംബർ മാസം വരെ റേഷൻ അരി വിതരണ കരാറുകാർക്ക് കൈകാര്യ ചെലവ് ഇനത്തിൽ നൽകാനുള്ള മുഴുവൻ തുകയും നൽകിയിട്ടുണ്ട് . 2025 ജനുവരി /ഫെബ്രുവരി മാസങ്ങളിലെ ഗതാഗത കൈകാര്യ ചെലവുകളുടെ കണക്കുകൾ അതാത് ഡിപ്പോകളിൽ നിന്നും ശേഖരിച്ച് വരുന്നു.മാർച്ച് മാസത്തെ അലോട്ട്മെന്റ് പ്രകാരമുള്ള വിട്ടെടുപ്പ് /വിതരണം പൂർത്തിയായി വരുന്നു. കൂടാതെ 2024 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള ഗതാഗത കൈകാര്യ ചെലവുകളിൽ ഓഡിറ്റ് പൂർത്തിയാക്കിയതിന് ശേഷം നൽകുവാനുള്ള (10%) തുക 14.38 കോടിയാണ്. |

| | | | |
|---|---|---|---|
| | | | കരാറുകാർക്ക് യഥാസമയം തുക അനുവദിക്കാത്തതിനാൽ അവർ സഹകരിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതുവരെ റേഷൻ വിതരണത്തെ ബാധിക്കാതെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>സപ്ലൈകോയ്ക്ക് വിവിധ ഇനങ്ങളിൽ കുടിശ്ശികയായി നൽകാനുള്ള തുക സംബന്ധിച്ച വിശദാംശം **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | സംസ്ഥാനത്ത് ആരംഭിച്ച കെ-സ്റ്റോർ പദ്ധതി പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെ-സ്റ്റോറിൽ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ? | (സി) | ഇല്ല. റേഷൻ കടകൾ വഴി നല്കി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈക്കോയുടെ ശബരി ഉല്പ്പന്നങ്ങൾ, മിൽമ ഉല്പ്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉത്പ്പാദിപ്പിക്കുന്ന/പ്രോസസ്സ് ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവയുടെ വിൽപ്പനയും, CSC സേവനങ്ങളും കെ-സ്റ്റോറുകൾ വഴി നടത്തി വരുന്നു. ടി സാധനങ്ങളുടെയും സേവനങ്ങളുടെയും ലഭ്യതയിൽ കുറവ് വരികയാണെങ്കിൽ മേൽ സ്ഥാപനങ്ങളുടെ പ്രതിനിധികളെയും, കെ-സ്റ്റോർ ലൈസൻസികളെയും പങ്കെടുപ്പിച്ച് ജില്ലാ - താലൂക്ക് തലങ്ങളിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ആയവയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നമ്പർ | ഇനം | കടിശ്ശിക തുക (കോടിയിൽ) |
|---|---|---|
| 1 | റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ഗതാഗത കൈകാര്യ ചെലവുകൾ (Upto 2024 November) | 238.76 |
| 2 | നെല്ല് സംഭരണവുമായി ബന്ധപ്പെട്ടുള്ള പ്രോത്സാഹന ബോണസും, പലിശയും ഇനത്തിലുള്ള ചെലവുകൾ (Upto 2025 January) | 523.92 |
| 3 | വിപണിയിടപെടൽ പദ്ധതിക്കായുള്ള ചെലവുകൾ (ഓഡിറ്റഡ് റിപ്പോർട്ടുകൾ പ്രകാരമുള്ളത്) | 204.81 |
| 4 | സപ്ലൈകോ ഔട്ട് ലെറ്റുകളുടെ നവീകരണത്തിനായി ചെലവഴിച്ചത് (സപ്ലൈകോ ക്ലെയിം സമർപ്പിച്ചത് പ്രകാരം) | 5.9468289 |
| 5 | ഈ പോസ് മെഷീനിൽ ഉപയോഗിക്കുന്ന തെർമൽ പേപ്പർ റോളുകൾ, സിം ചാർജ്ജസ് എന്നീ ഇനങ്ങളിൽ ചെലവഴിച്ചത് (സപ്ലൈകോ ക്ലെയിം സമർപ്പിച്ചത് പ്രകാരം) | 3.6102569 |
| 6 | ഈ പോസ് മെഷീനിന്റെ എ.എം.സി ചാർജ്ജസ് (31/01/2025 വരെ) | 2.2 |
| 7 | എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ERP Project) (സപ്ലൈകോ ക്ലെയിം സമർപ്പിച്ചത് പ്രകാരം) | 2.3676659 |
| ആകെ | | **981.6147517** |

**സെക്ഷൻ ഓഫീസർ**